II ഇ.ബി. XIII- കേരള നിയമസഭ/V-1

## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

## 2012 ജൂൺ 11, തിങ്കൾ

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 2012 ജൂൺ മാസം 11–ാം തീയതി തിങ്കളാഴ്ച രാവിലെ 8.30–ന് ദേശീയ ഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1 (*1) വിജിലൻസ് കേസുകളുടെ പിൻവലിക്കൽ

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, ക്രിമിനൽ നടപടിക്രമം 321–ാം വകുപ്പുപ്രകാരമാണ് വിജിലൻസ് കേസുകൾ പിൻവലിക്കുന്നതെന്നും ഉദ്യോഗസ്ഥർക്കെതിരെയുള്ള നാല് വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മന്ത്രിമാരായ സർവ്വശ്രീ സി.എൻ. ബാലകൃഷ്ണൻ, എം.കെ. മുനീർ, അടൂർ പ്രകാശ്, പി.കെ. കുഞ്ഞാലിക്കുട്ടി, ആര്യാടൻ മുഹമ്മദ് എന്നിവർ വിജിലൻസ് കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. കോടതി ഉത്തരവ് അനുസരിച്ച് ശ്രീ. എം.കെ. മുനീറിനെതിരെയുള്ള വിജിലൻസ് കേസുകളിൽ തുടരന്വേഷണം നടന്നു

വരികയാണെന്നും ശ്രീ. അടൂർ പ്രകാശിനെതിരെയുള്ള കേസിൽ തുടരന്വേഷണത്തിനുള്ള അനുമതിക്കായി കോടതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. വിജിലൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നും പ്രാഥമിക അന്വേഷണ റിപ്പോർട്ടുകൾ ചോരുന്നത് തടയാൻ കർശന നടപടി സ്വീകരിക്കുന്നതാണെന്നും ഊമക്കത്തുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ്സെടുക്കുന്നത് സർക്കാരിന്റെ നയമല്ലെന്നും വിജിലൻസ് വകുപ്പിൽ കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പാക്കാൻ ആലോചിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന നിരപരാധികളായ ഉദ്യോഗസ്ഥർക്കെതിരെ കള്ളക്കേസ്സെടുക്കുകയില്ലെന്നും യഥാർത്ഥ അഴിമതിക്കാരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി സഭയെ അറിയിച്ചു.

2(*2) <u>നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) നൽകിയ മറുപടിയിൽ, എല്ലാ നിയോജകമണ്ഡലങ്ങൾക്കും ഒരുപോലെ വികസനം ലഭ്യമാക്കത്തക്ക വിധത്തിലുള്ള നയപരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും ഇതുസംബന്ധിച്ച നടപടിക്രമങ്ങളും ഉത്തരവുകളും യഥാസമയം എം.എൽ.എ.-മാരെ അറിയിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുഭരണ വകുപ്പ് പുറപ്പെടുവിച്ച സർക്കുലർ നടപ്പിലാക്കുന്ന കാര്യത്തിൽ വകുപ്പുകൾ അലംഭാവം കാട്ടുന്നതായി പരാതി ലഭിക്കുകയാണെങ്കിൽ ബന്ധപ്പെട്ടവർക്കെതിരെ യുക്തമായ നടപടി സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. 21-11-2011-ന് ഇറക്കിയ സർക്കുലർ ജി.ഒ. ആയി ഇഷ്യു ചെയ്യുന്നതിന് അപ്രൂവൽ

നൽകുകയും ഈ ആഴ്ചതന്നെ അതിന്റെ കോപ്പി എം.എൽ.എ.–മാർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നതാണ്. ഗവൺമെന്റിന്റെ സർക്കുലറുകൾ അതേപടി പാലിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫലപ്രദമായ നിർദ്ദേശങ്ങൾ ലഭിച്ചാൽ എം.എൽ.എ.ഫണ്ട് വിനിയോഗത്തിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും എം.എൽ.എ.–മാരുമായി സഹകരിച്ചു പ്രവർത്തിക്കണമെന്ന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇതുസംബന്ധിച്ച പരാതികളിന്മേൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും വില്ലേജ് ഓഫീസില്ലാത്ത എല്ലാ പഞ്ചായത്തിലും വില്ലേജ് ഓഫീസ് അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു. പ്രാദേശിക ആവശ്യങ്ങൾക്കായി ഒരു നിയോജകമണ്ഡലത്തിൽ 5 കോടി രൂപ അനുവദിക്കുന്നതാണെന്നും ഇന്നു തന്നെ അതുസംബന്ധിച്ച ഗൈഡ്ലൈൻസ് എം.എൽ.എ.മാർക്ക് സർക്കുലേറ്റ് ചെയ്യുന്നതാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി വ്യക്തമാക്കി.

3 (*3) മുദ്രപ്പത്ര തട്ടിപ്പുകൾ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) നൽകിയ മറുപടിയിൽ, മുദ്രപ്പത്ര തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിനായി നാസിക്, ഹൈദ്രാബാദ് എന്നീ സെക്യൂരിറ്റി പ്രസ്സുകളിൽ നിന്ന് സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിലേയ്ക്ക് പോലീസ് അകമ്പടിയോടെ കൊണ്ടുവരുന്ന മുദ്രപ്പത്രങ്ങൾ കർശന പരിശോധനയ്ക്കുശേഷം ഏറ്റെടുക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെന്നും വെണ്ടർമാരുടെ കൈവശമുള്ള മുദ്രപ്പത്രങ്ങളുടെ സ്റ്റോക്കും വിൽപ്പനയും പരിശോധിക്കുന്നതിന് 2007–ലെ

വിജ്ഞാപന പ്രകാരം ചുമതലപ്പെട്ട ജില്ലാ ട്രഷറി ഓഫീസർ, സബ് ട്രഷറി ഓഫീസർ എന്നിവർക്ക് ട്രഷറി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇതുവരെ രജിസ്റ്റർ ചെയ്ത മൂന്ന് കേസ്സുകളിൽ സമഗ്രവും ശാസ്ത്രീയവുമായ അന്വേഷണം നടത്തുകയും ഒരു സ്റ്റാമ്പ് വെണ്ടറുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വ്യാജ മുദ്രപ്പത്രങ്ങളുടെ നിർമ്മിതിയും വിതരണവും തടയാൻ നിലവിലുള്ള സെക്യൂരിറ്റി സംവിധാനങ്ങൾ അപര്യാപ്തമായതിനാൽ അവ പരിഹരിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനായി സാങ്കേതിക വിദഗ്ദ്ധരുടെ അഭിപ്രായം തേടുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിലൂടെ മുദ്രപ്പത്ര തട്ടിപ്പുകൾ തടയാൻ സാധിക്കുമെന്നും പത്ത്/അമ്പത് രൂപ നിരക്കിലുള്ള സ്റ്റാമ്പ് പേപ്പറുകൾ കൂടുതൽ ലഭ്യമാക്കുന്നതിനെക്കുറിച്ചും ട്രഷറികൾവഴി മുദ്രപ്പത്രങ്ങൾ ലഭ്യമാക്കുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

4 (*4) <u>മാതൃകാ മത്സ്യഗ്രാമങ്ങൾ</u>

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ബാബു) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് മാതൃകാ മത്സ്യഗ്രാമങ്ങൾക്കുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനുമായി ഇതുസംബന്ധിച്ച കരാർ ഒപ്പുവച്ചിട്ടുണ്ടെന്നും നിരീക്ഷണത്തിനായി സംസ്ഥാനതല കമ്മിറ്റിയും ജില്ലാതല കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. എല്ലാ കുടുംബങ്ങൾക്കും ഭവനങ്ങൾ, ശുചിത്വമുള്ള ചുറ്റുപാട്, കുടിവെള്ളം, വൈദ്യുതി, മത്സ്യസംസ്ക്കരണ കേന്ദ്രങ്ങൾ, ലേലപ്പുര, റോഡുകൾ, അംഗൻവാടികൾ,

ആശുപത്രികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. കടലോര/കായലോര മേഖലകളിലായി ആകെ 335 മത്സ്യഗ്രാമങ്ങളാണുള്ളത്. പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ അനുസരിച്ച് 11 മത്സ്യഗ്രാമങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എല്ലാ വില്ലേജുകളിലും ഘട്ടംഘട്ടമായി ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. 25 മത്സ്യഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വർഷം ഈ പദ്ധതി അനുസരിച്ച് 160 കോടി രൂപയുടെ ഭവന പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അടുത്ത വർഷം സ്കൂളുകൾ ഏറ്റെടുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും അലങ്കാര മത്സ്യക്കൃഷി വ്യാപകമാക്കുന്നതിനും അവയുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതിയെക്കുറിച്ച് ആലോചിച്ചുവരികയാണെന്നും മന്ത്രി അറിയിച്ചു. ജലാശയങ്ങളെ ഉപയോഗപ്പെടുത്തി 12,000 ഹെക്ടർ സ്ഥലത്ത് മത്സ്യക്കൃഷി നടത്തി മത്സ്യോല്പാദനം രണ്ടര ലക്ഷം ടണ്ണായി വർദ്ധിപ്പിക്കുന്നതിനുള്ള 'മത്സ്യസമൃദ്ധി' പദ്ധതി കൊച്ചിയിൽ ഉദ്ഘാടനം ചെയ്തുവെന്നും മൂന്ന് വർഷംകൊണ്ട് 750 പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സർക്കാരിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ പൊയ്യയിൽ 'നെയ്തൽ മത്സ്യഗ്രാമം' പദ്ധതിക്ക് തുടക്കം കുറിച്ചുവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1 മുതൽ 339 വരെയുള്ള ചോദ്യങ്ങളിൽ 136 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)